# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി4/2117/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 30/11/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി4/2117/2022 തീയ്യതി: 30/11/2022

## കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 24-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രത്നസിംഗ് കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 25-10-2022 | 31-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-10-2022 | 31-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സതീഷ് കുമാർ. കെ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. പ്രസീത കുമാരി. എം, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ദിശ.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ധന്യ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ജാസിർ. സി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. റെൻസി.ഇ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രൂപ ലേഖ കൊമ്പിലാട്ട് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ഗിരീഷ്. എം | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിനോദ് കുമാർ. കെ.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 30-07-2021 |
| ശ്രീ. ജയകൃഷ്ണൻ. ജി | അസിസ്റ്റന്റ് സെക്രട്ടറി | 30-07-2021 | 31-12-2021 |
| ശ്രീ. സജിത്ത്. കെ.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-01-2022 | 31-03-2022 |
| ശ്രീ. പി.വി. മുഹമ്മദ് കബീർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി. സക്കിയ. പി | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഹെലെന മോൾ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി. സുമയ്യ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി. വിദ്യ. പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ലിജിന. എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. ഷിബു. വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-ഗ്രേഡ് 1 | 01-04-2021 | 31-03-2022 |
| ശ്രീമതി. ലക്ഷ്മി ശശീന്ദ്രൻ. സി.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-ഗ്രേഡ് 2 | 01-04-2021 | 31-03-2022 |
| ശ്രീമതി. ഗീത. കെ | ഹെഡ് മിസ്ട്രസ് | 01-04-2021 | 26-10-2021 |

| | | | |
|---|---|---|---|
| ശ്രീ. സന്തോഷ് ബാബു. എൻ. എസ് | ഹെഡ് മാസ്റ്റർ | 27-10-2021 | 31-03-2022 |
| ശ്രീമതി. പ്രമീള | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 10-11-2021 |
| ശ്രീമതി. പ്രസന്നകുമാരി. കെ.വി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 10-11-2021 | 31-03-2022 |
| ശ്രീ. മുഹമ്മദ് നവാസ്. പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ആഭ്യന്തരനിയന്ത്രണം | 1-6 |
| 8 | ക്യാഷ് പരിശോധന | 1-7 |
| 9 | ഓഡിറ്റ് റിപ്പോർട്ട് തുടർ നടപടികൾ | 1-8 |
| 10 | തൊഴിൽ നികുതി അപാകതകൾ | 1-9 |
| 11 | വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല | 1-10 |
| 12 | അനധികൃത നിർമ്മാണം സംബന്ധിച്ച പരാതി- തുടർനടപടി സ്വീകരിച്ചില്ല | 1-11 |
| 13 | 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് നികുതി വർദ്ധനവുണ്ടോ എന്നുറപ്പ് വരുത്തേണ്ടതാണ്. | 1-12 |
| 14 | ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കുന്നില്ല. | 1-13 |
| 15 | പ്രവൃത്തി തുടങ്ങുന്നതിനുള്ള കാലതാമസം-നടപടികൾ സ്വീകരിച്ചില്ല | 1-14 |
| 16 | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല | 1-15 |
| 17 | വരൾച്ച 2021 കുടിവെള്ള വിതരണം-അപാകതകൾ | 1-16 |
| 18 | സർക്കാർ നിർദ്ദേശം പാലിക്കാതെ ആർജ്ജിതാവധി പണമാക്കി മാറ്റി | 1-17 |
| 19 | കുടിവെള്ള പദ്ധതിയുടെ കറണ്ട് ചാർജ്ജ് തനതുഫണ്ടിൽ നിന്ന് അടവാക്കുന്നു | 1-18 |
| 20 | ജലജീവൻമിഷൻ - ഡെപ്പോസിറ്റ് പ്രവർത്തി വിശദാംശങ്ങൾ ലഭ്യമല്ല | 1-19 |
| 21 | തത്തമ്പലത്ത് ചേനേരി റോഡ്. പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമല്ല. | 1-20 |
| 22 | പദ്ധതികളുടെ മോണിറ്ററിംങ് ഫലപ്രദമല്ല. | 1-21 |
| 23 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -പദ്ധതി ആരംഭിച്ചില്ല | 1-22 |
| 24 | ചെറുകിട വ്യവസായം/സ്വയം തൊഴിൽ മേഖലയിൽ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല. | 1-23 |
| 25 | കന്നുകുട്ടി പരിപാലന പദ്ധതി- മോണിറ്ററിംഗ് നടത്തുന്നില്ല | 1-24 |
| 26 | ലൈഫ് ഭവനപദ്ധതി-മുൻകൂർ തുക കൈപ്പറ്റി ഭവനനിർമ്മാണം ആരംഭിച്ചില്ല | 1-25 |
| 27 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 1-26 |

| | | |
|---|---|---|
| | -അപാകതകൾ | |
| 28 | ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല | 1-27 |
| 29 | ഹരിത കർമ്മസേനയുടെ പ്രവർത്തനം -അപാകതകൾ | 1-28 |
| 30 | പൊതുമരാമത്ത് പ്രവൃത്തികൾ -മോണിറ്ററിംഗ് ഫലപ്രദമല്ല | 1-29 |
| 31 | പ്രത്യേക ഉദ്ദേശങ്ങൾക്ക വേണ്ടി മുൻവർഷങ്ങളിൽ ലഭിച്ച തുകകളിൽ ഇനിയും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 ലെ ബജറ്റ് 20-02-2021 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം -ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ വൻ അന്തരം കാണുന്നു. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥത്തിൽ ഉള്ളത് |
|---|---|---|
| മുന്നിരിപ്പ് | 17868109 | 19496978 |
| വരവ് | 24,28,76,000 | 8,64,30,733 |
| ചെലവ് | 25,61,24,263 | 8,42,08,489 |
| നീക്കിയിരിപ്പ് | 46,19,846 | 2,17,19,222 |

മേൽ പ്രകാരം പ്രതീക്ഷിത വരവിന്റെ കാര്യത്തിൽ ബജറ്റ് വ്യതിയാനം വന്നതിന് വർഷാവസാനം ബജറ്റ് പുതുക്കി ക്രമീകരിച്ചിട്ടില്ല. തുടർ വർഷങ്ങളിൽ ബജറ്റ് കുറ്റമറ്റ രീതിയിൽ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി 31.07.2022 ന് ഓഡിറ്റിന് (Online ആയി) സമർപ്പിച്ചിട്ടുണ്ട്. വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വികസന ഫണ്ട്(ജനറൽ) ഇനത്തിൽ ചെലവ് പത്രികയിലെ തുകയും വാർഷിക ധനകാര്യ പത്രികയിലെ തുകയും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഫണ്ട് | സുലേഖ ചെലവ് പത്രിക പ്രകാരം | വാർഷിക കണക്ക്<br>I -6 പ്രകാരം |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 17423000 | 17999000 |

576000/- രൂപയുടെ വ്യത്യാസം വന്നിട്ടുണ്ട് . ബഡ്സ് സ്കൂൾ ഹോണറേറിയം എന്ന പ്രൊജക്ടിനുവേണ്ടി വന്ന ചെലവാണിത്. ആയത് ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

2.അഡ്വാൻസ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. 2021-22 വാർഷിക ധനകാര്യ പത്രിക - റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (RP-45) ഷെഡ്യൂൾ പ്രകാരം എഫ്.ടി.ഇ.എ & ഒ ലൈസൻസ് ഇനത്തിൽ തൻവർഷത്തെ കളക്ഷൻ തുക 381600/- രൂപയാണ്. എന്നാൽ 2021-22 ലൈസൻസ് രജിസ്റ്ററിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്താത്തതിനാൽ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

2021-22 ലെ Income And Expenditure ( I-4 Fees & User Charges ഷെഡ്യൂൾ) പ്രകാരം 657900/ രൂപയാണ് ഡിമാന്റ് . തൻവർഷത്തെ Receipt And Payment

( RP-45 Sundry Debtors Receivables (R) ഷെഡ്യൂൾ) പ്രകാരം കളക്ഷൻ 381600 രൂപയും 2020-21 ലെ

ബാലൻസ് ഷീറ്റിൽ ( B-9 Other Liabilities ഷെഡ്യൂൾ ) അഡ്വാൻസ് കളക്ഷൻ ഇനത്തിൽ ബുക്ക് ചെയ്ത തുക 349700/-രൂപയാണ് . 73400/- രൂപയുടെ വ്യത്യാസത്തിന് കാരണം വ്യക്തമല്ല.

4. 2021-22 വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം സ്റ്റോർസിന് നീക്കിയിരിപ്പില്ല . എന്നാൽ രശീതി ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ സാംഖ്യയുടെ 9000/- രശീതികളുടേയും 25 മാന്വൽ രശീതികളുടേയും നീക്കിയിരിപ്പുണ്ട്. ആയത് ബി 14 ൽ ഉൾപ്പെടുത്തിയിട്ടില്ല.

5.വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

6.ട്രേഡേർസിൽ നിന്നുള്ള തൻ വർഷത്തെ തൊഴിൽ നികുതി വരവ് 454630/- രൂപയാണ് (RP -45 ഷെഡ്യൂൾ പ്രകാരം ) എന്നാൽ രജിസ്റ്റർ പ്രകാരം 854520/- രൂപയാണ് വരവ് . വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല.

7. 2020-21 രണ്ടാം അർദ്ധവർഷത്തെ ലൈബ്രറി സെസ് ഇനത്തിൽ അടവാക്കാനുണ്ടായിരുന്ന 242213/- രൂപ 2021-22 ൽ അടവാക്കിയിട്ടുണ്ട്. ആയത് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,94,96,978 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,64,30,733 |
| ആകെ | 1,05,927,711 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,42,08,489 |
| നീക്കിയിരിപ്പ് | 2,17,19,222 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുൻ ബാക്കി | വരവ് | ആകെ | ചെലവ് | ബാക്കി | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16133571 | 16133571 | 15828446 | 305125 | 98 |
| വികസന ഫണ്ട് (എസ് സി പി) | 0 | 8494102 | 8494102 | 7470488 | 1023614 | 88 |
| വികസന ഫണ്ട് ടി.എസ്.പി | 0 | 261558 | 261558 | 225000 | 36558 | 86 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി വഴി ലഭിച്ചത് | | 1801814 | 1801814 | 679237 | 1122577 | 38 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied)ബാങ്ക് വഴി ലഭിച്ചത് | 0 | 3351000 | 3351000 | 2070338 | 1280662 | 62 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)ട്രഷറി വഴി ലഭിച്ചത് | 0 | 4355331 | 4355331 | 2628594 | 1726737 | 60 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) ബാങ്ക് മുഖേന | 0 | 5027000 | 5027000 | 2280205 | 2746795 | 45 |
| മെയിന്റനൻസ്, റോഡ് | 0 | 12806528 | 12806528 | 5222419 | 7584109 | 41 |
| മെയിന്റനൻസ്, നോൺ – റോഡ് | 0 | 5884823 | 5884823 | 4562630 | 1322193 | 78 |

കുറിപ്പ് – ACR പ്രകാരമുള്ള കണക്കുകളാണ് മുകളിൽ ഉൾപ്പെടുത്തിയത്.

ട്രഷറി വഴി ലഭിച്ച -സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) 1726737/- രൂപയും Basic ഗ്രാന്റ് 1122577/- രൂപയുമടക്കം ആകെ 13120913 രൂപ സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാൻ കഴിയാതെ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദ വിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്റ്റുകൾ | പദ്ധതി അടങ്കൽ | നടപ്പിലാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | നടപ്പിലാക്കാത്ത പ്രൊജക്റ്റുകൾ | പദ്ധതി ചെലവ് | ശതമാനം |
|---|---|---|---|---|---|
| 153 | 119658923 | 127 | 26 | 54364096 | 45 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 153 പ്രൊജക്റ്റുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 127 പ്രൊജക്റ്റുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം വിവിധ പ്രൊജക്റ്റുകൾക്കായി 119658923/- രൂപ വകയിരുത്തിയതിൽ 54364096/- രൂപ മാത്രമേ പ്രൊജക്റ്റുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളു.

## 1-6 ആഭ്യന്തരനിയന്ത്രണം

സെക്രട്ടറിയുടെ 14.1.2019 ലെ 5-ാം നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് അവരുടെ ചുമതലകൾ നിറവേറ്റുന്നതിന് ജോലികൾ വിഭജിച്ച നൽകിയിട്ടുണ്ട്. കാലാകാലങ്ങളിൽ ജീവനക്കാർക്ക് സ്ഥലം മാറ്റങ്ങൾ ഉണ്ടാകുമ്പോൾ ജോലി വിഭജന രേഖകളും ആയതിനനുസരിച്ച് പരിഷ്കരിക്കുന്നുമുണ്ട്.

എന്നിരുന്നാലും ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. ഉദാഹരണത്തിന് വൗച്ചറുകൾ പ്രസിഡണ്ട് അധികൃതമാക്കുന്നതിന് ശ്രദ്ധിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ നടപടിക്രമംപ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കമ്പ്യൂട്ടറുകളും മറ്റു ഐ.ടി. ഉപകരണങ്ങളും കേരള സർക്കാരിന്റെ പോർട്ടലായ സി.പി.ആർ.സി.എസ്. ൽ നിന്നും വാങ്ങുന്നതിന് സർക്കാർ നിർദ്ദേശങ്ങളുണ്ടെങ്കിലും ജെം മുഖേനയാണ് ഇവ വാങ്ങിയത്. ജെം മുഖേനയുള്ള വാങ്ങലുകൾക്ക് താരതമ്യേന അധികതുക നൽകേണ്ടി വരുന്ന സാഹചര്യവുമുള്ളതിനാൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

കാഷ്ബുക്ക്, ഡേബുക്ക് എന്നിവ ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വിവിധ ഡി.സി.ബി. രജിസ്റ്ററുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തത മൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

പ്രതിമാസ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് പ്രൊപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ച നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിച്ചിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.10.2022 ന് 10.30 Am മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 50,810/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ഓഡിറ്റ് റിപ്പോർട്ട് തുടർ നടപടികൾ

2017-18 മുതൽ 2020-21 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളിലെ താഴെ പറയുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| വർഷം | ഖണ്ഡിക നമ്പർ | റിമാർക്സ് |
|---|---|---|
| 2017-18 | 1.10(5) | നിഷ്ക്രിയ ആസ്തികൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടി വിവരം ഓഡിറ്റിനെ രേഖാമൂലം അറിയിക്കാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. |
| | 2.3(1) | പഞ്ചായത്ത് ഹാൾ വാടകക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കി വിവരം അറിയിക്കാൻ ആവശ്യപ്പെട്ടതിനും മറുപടി ലഭ്യമാക്കിയിട്ടില്ല. |

| | | |
|---|---|---|
| | | |
| | 3.7 | ബാലുശ്ശേരി ഗവ. എൽ.പി. സ്കൂൾ കെട്ടിടം വാടക കെട്ടിടത്തിൽ നിന്നും മാറ്റി ബാലുശ്ശേരി ഗവ.വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കോമ്പൗണ്ടിലേക്ക് മാറ്റാൻ 13.6.2013 ലെ ജി1/21124/12 നമ്പർ ഉത്തരവിലൂടെ കോഴിക്കോട് വിദ്യാഭ്യാസ ഉപ ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നെങ്കിലും നിലവിലും പഞ്ചായത്ത് വാടക കൊടുക്കുന്ന സ്ഥിതി തന്നെയാണ് തുടരുന്നത്. |
| 2018-19 | 1.14.11 | ഖണ്ഡികയിൽ പരാമർശിച്ച പകൽ വീടിന്റെ നിലവിലെ പ്രവർത്തനം സംബന്ധിച്ച് ഒരു റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.- |
| 2019-20 | പ്രത്യേക പരാമർശമില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന എല്ലാ ഖണ്ഡികകളും തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. | |
| 2020-21 | | |

## 1-9 തൊഴിൽ നികുതി അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. കൂടാതെ ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നവനോ ആയ ഏതൊരാളുടെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാകുന്നുവെന്ന് 204-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പിലെ ബി-യിൽ വ്യവസ്ഥ ചെയ്യുന്നു.

1. സഞ്ചയ അസസ്സ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 3660 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2021-22 വർഷത്തിൽ 203 വാണിജ്യ കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. 345 കെട്ടിടങ്ങളുടെ നികുതി എഴുതി തള്ളിയിട്ടുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ, തൊഴിൽ നികുതി റിട്ടേൺ എന്നിവ പരിശോധിച്ചതിൽ വാണിജ്യപരമായ ആവശ്യങ്ങൾക്ക് മുഴുവൻ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ലഭ്യമാവുന്നു എന്ന് ഉറപ്പുവരുത്തിയിട്ടില്ല.

2. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകി വരുമാനമുണ്ടാക്കുന്നവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഉദാഹരണമായി ന്യൂബിൽഡിംഗ് രജിസ്റ്റർ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പ്രകാരം ശ്രീ. സുഭാഷ് (തായിക്കോട്ട്, പുത്തൂർവട്ടം, ബാലുശ്ശേരി,673612), ശ്രീ. ഫയാസ് അഹമ്മദ് യൂസഫ് (രാരോത്ത് കുന്നമ്മൽ, നന്മണ്ട) എന്നിവരുടെ ഉടമസ്ഥതയിലുള്ള പാർപ്പിടാവശ്യത്തിനായി രണ്ട് കെട്ടിടങ്ങളാണ് യഥാക്രമം 5/199 A To D. വരെയുള്ളതും, 6/369 A To P വരെയുള്ളതും. പ്രസ്തുത കെട്ടിടങ്ങൾ ഉടമസ്ഥൻ വാടകയ്ക്ക് നൽകി വരുമാനം ആർജ്ജിക്കുന്നുണ്ടെങ്കിൽ പ്രസ്തുത വരുമാനത്തിനനുസൃതമായി കെട്ടിട ഉടമകളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. ഇതു പോലെയുള്ള മറ്റ് കെട്ടിടങ്ങൾ ഫീൽഡ് പരിശോധന നടത്തി കണ്ടെത്തി തൊഴിൽ നികുതിയുടെ ഡിമാന്റ് വർദ്ധിപ്പിക്കാനുള്ള നടപടി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

3. ശ്രീ. പി. സെയ്തുമുഹമ്മദ് (പുതിയോട്ടിൽ,ബാലുശ്ശേരി,673612) എന്നയാളുടെ ഉടമസ്ഥതയിലുള്ള 7/1290 നമ്പർ കെട്ടിടത്തിൽ ബാലുശ്ശേരി ജി.എൽ.പി സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പ്രസ്തുത കെട്ടിടം വാണിജ്യാവശ്യത്തിനായി നിർമ്മിച്ചിട്ടുള്ളതാണ്. വാടകയിനത്തിൽ പ്രതിമാസം 32,227/-രൂപ പ്രകാരം ടിയാന് 2021-22 സാമ്പത്തിക വർഷം 5,28,727/- രൂപ (മുൻ വർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ) പഞ്ചായത്ത് പദ്ധതി വച്ച് നൽകിയിട്ടുണ്ട്. എന്നാൽ ടിയാനിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

4. പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട അക്ഷയ കേന്ദ്രങ്ങളിൽ തൊഴിൽ ചെയ്യുന്നവർ, ഡോക്യുമെന്റ് റൈറ്റേഴ്സ്, അഡ്വക്കേറ്റ്സ് എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ബി പ്രകാരം സെക്രട്ടറിയ്ക്ക് ഏതെങ്കിലും കെട്ടിടത്തിന്റെ ഉടമയോടോ, കൈവശക്കാരനോടോ, ഹോട്ടൽ, ലോഡ്ജ് നടത്തിപ്പുകാരോടോ അവരുടെ കെട്ടിടത്തിലോ മുറിയിലോ താമസിക്കുന്നവരെ കുറിച്ചും അവരുടെ തൊഴിലിനേയോ ഉദ്യോഗത്തേയോ കലയെയോ

സംബന്ധിച്ചും വാടകയെക്കുറിച്ചും രേഖാമൂലമുള്ള ഒരു ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്. പഞ്ചായത്തിന് അർഹതപ്പെട്ട മുഴുവൻ സ്രോതസ്സിൽ നിന്നും തൊഴിൽനികുതിയുടെ ഡിമാന്റ് ചെയ്ത് ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമ്മാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു.

| | |
|---|---|
| വാർഡ് നമ്പർ | 2 |
| | |
| കെട്ടിട നമ്പർ | 323 B,C,E,F,G,H<br>(കുറിപ്പ്: D,D1 ഒഴികെ) |
| | |
| കെട്ടിടമുടമയുടെ പേരും വിലാസവും<br>(സഞ്ചയ പ്രകാരം) | അസ്സൻകോയ, പാത്തേയി ഉമ്മ,<br>റസീന, മുഹമ്മദ് ഫായിസ്. സി.വി,<br>മുഹമ്മദ് ഫഹദ്. സി.വി,<br>ഫൈസൽ,<br>ചെട്ട്യാംവീട്ടി, ബാലുശ്ശേരി,<br>കോക്കല്ലൂർ- 673612 |
| | |

| | |
|---|---|
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2015 രണ്ടാം അർദ്ധ വാർഷികം |

| തറ വിസ്തീർണം: 221.63 ച.മീ<br>കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം | | |
|---|---|---|
| ബാധകമാക്കിയ നികുതി നിരക്ക് 40 രൂപ ഈടാക്കുന്ന നികുതി (ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക് 50രൂപ ഈടാക്കേണ്ട നികുതി (ഇളവുകളും വർദ്ധനവും അടക്കം) | നഷ്ടം |
| 221.63*40= 8865<br>8865+1773=10638<br>10638+532= 11170/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 221.63*50= 11082<br>11082+2216=13298<br>13298+665= 13963/-<br>{അടിസ്ഥാന നികുതി+വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 2015-16 രണ്ടാം അർദ്ധ വാർഷികം<br>6982-5585 =1397/-<br>2016-17<br>13963-11170 =2793/-<br>2017-18<br>13963-11170 =2793/-<br>2018-19<br>13963-11170 =2793/-<br>2019-20<br>13963-11170 =2793/-<br>2020-21<br>13963-11170 =2793/-<br>2021-22<br>13963-11170 =2793/-<br>(2653 BT+ 140 LC) |
| ആകെ | | 18155/- രൂപ |

പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

(ഓഡിറ്റ് കാലയളവിലെ നഷ്ടം 2793/- (2653 BT+ 140 LC) രൂപ)

## 1-11 അനധികൃത നിർമ്മാണം സംബന്ധിച്ച പരാതി- തുടർനടപടി സ്വീകരിച്ചില്ല

പഞ്ചായത്തിലെ പരാതി രജിസ്റ്റർ പരിശോധിച്ചതിൽ കറന്റ് നമ്പർ 6118 തീയതി 03/08/2020, ഫയൽ നം. A3/6118/2020 എന്നിവ അനധികൃത നിർമ്മാണം സംബന്ധിച്ചുള്ള പരാതിയായിരുന്നു. ബാലുശ്ശേരി മെയിൻ റോഡിൽ ഇലവന്തിക്കൽ ജ്വല്ലറിയുടെ മുന്നിൽ റോഡിന് എതിർവശത്ത് K.C ബേക്കറിയുടെ അപ്പുക്കുട് സ്ഥിതി ചെയ്യുന്ന റോഡിൽ നിന്നും താഴോട്ട് പോകുന്ന ഇടവഴിയിൽ ഉടമ ഡോ.ഹരിദാസൻ ഇടവഴി അതിക്രമിച്ച് അനധികൃത നിർമ്മാണം നടത്തുകയാണെന്നായിരുന്നു പരാതി. മേൽ ഫയൽ പരിശോധിച്ചതിൽ ബന്ധപ്പെട്ട സെക്ഷനിൽ നിന്ന് മൂന്ന് ദിവസത്തിനുള്ളിൽ പെർമിറ്റ് ഹാജരാക്കുവാൻ നിർദ്ദേശിക്കുകയും പെർമിറ്റ് ഇല്ലാത്തപക്ഷം അനധികൃത നിർമ്മാണം പൊളിച്ച് മാറ്റാൻ ആവശ്യപ്പെടുകയും ചെയ്യാൻ അസിസ്റ്റന്റ് സെക്രട്ടറി നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം ഓവർസിയർ സ്ഥലപരിശോധന നടത്തി പ്രസ്തുത കെട്ടിടത്തിൽ നവീകരണ പ്രവൃത്തികൾ നടക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അനധികൃത നിർമ്മാണമാണെന്ന് ഉറപ്പ് വരുത്തുന്നതിന് പെർമിറ്റ് രേഖകൾ ആവശ്യപ്പെട്ട് ഓവർസിയർ 6/09/2020ന് തുടർനടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്. ശേഷം നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

2021-22 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് അനധികൃത നിർമ്മാണ രജിസ്റ്റർ ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നു. അനധികൃത നിർമ്മാണ രജിസ്റ്റർ ഹാജരാക്കിയെങ്കിലും 2020-21, 2021-22 വർഷങ്ങളിൽ യാതൊരുവിധ അനധികൃത നിർമ്മാണവും രേഖപ്പെടുത്തിയിട്ടില്ല.

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഭാഗം II ൽ 21-ാം ചട്ടപ്രകാരം സെക്രട്ടറി പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണ്. കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നമ്പർ ഇട്ടതിനു ശേഷമാണ് കെട്ടിടങ്ങളുടെ ഘടനയ്ക്ക് മാറ്റം വരുത്തുന്നത്. കൂടാതെ വാർഡ് ക്ലാർക്കുമാർ അവരവരുടെ വാർഡിലെ അനധികൃത നിർമ്മാണം റിപ്പോർട്ട് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.14/22 തീയതി 29.10.2022).

## 1-12 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ തറ നിർമ്മിതി പരിശോധിച്ച് നികുതി വർദ്ധനവുണ്ടോ എന്നുറപ്പ് വരുത്തേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 203, 208 വകുപ്പ്, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരം അതതു പഞ്ചായത്ത് പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തുന്നതിനെ കുറിച്ച് പ്രതിപാദിക്കുന്നു.

പ്രസ്തുത ചട്ടങ്ങളിലെ പട്ടിക 6, കെട്ടിടത്തിന്റെ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവിനെ കുറിച്ചാണ്. ഇതിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് 15% വർധനവുണ്ട്.

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 250 ചതുരശ്ര മീറ്ററിനു മുകളിൽ പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടങ്ങൾ 177 എണ്ണമാണുള്ളത്. ഇതിൽ തറ നിർമ്മിതി സാധാരണ തറ, എന്ന് നൽകി നികുതിയിൽ വർദ്ധനവില്ലാത്ത കെട്ടിടങ്ങളിൽ ചിലത് താഴെ പട്ടികയിൽ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|

| | | |
|---|---|---|
| | | |
| 16/274 E | ബിനീഷ് കുമാർ,<br>കൃഷ്ണകുറുപ്പ്,<br>കണ്ണങ്കോട്, സാരംഗി,<br>ബാലുശ്ശേരി,<br>കോക്കല്ലൂർ-673612 | 260.32 ച.മീ |
| 6/474 A | ബീരജ്, അനുപമ,<br>രാജി നിവാസ്,<br>പഴയ മഞ്ഞപ്പാലം,<br>ബാലുശ്ശേരി-673612 | 263.38ച.മീ |

വസ്തുനികുതി നിർണ്ണയം സംബന്ധിച്ചുള്ള സെക്രട്ടറിയുടെ ചുമതലകളിൽ (ചട്ടം 12) ഏതൊരു കെട്ടിടത്തെ സംബന്ധിച്ചും ബന്ധപ്പെട്ട സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് അന്വേഷണം നടത്തുവാൻ സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതാണ്. കൂടാതെ ചട്ടങ്ങൾക്ക് അനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.

250 ചതുരശ്ര മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾ പരിശോധിച്ച് തറ നിർമ്മിതി സാധാരണ തറയാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക് ചുമത്താവുന്ന 15% വർധന ചുമത്തി നികുതി നിർണയിക്കേണ്ടതാണ്.

കൂടാതെ മേൽത്തരം തറയോടുകൂടിയ (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് തുടങ്ങിയവയ്ക്ക്) 250 ച.മീ മുകളിൽ വിസ്തീർണ്ണമുള്ള ഒരു വാണിജ്യ കെട്ടിടം വ്യത്യസ്ത മുറികളായി തിരിച്ച് നമ്പറിടുമ്പോൾ മേൽത്തരം തറ എന്ന് സഞ്ചയ സോഫ്റ്റ് വെയറിൽ സെലക്ട് ചെയ്താലും ബാധകമായ 15% വർധനവ് കാണിക്കുന്നില്ല. ആയതിനാൽ വലിയ തോതിൽ നികുതി ചോർച്ച സംഭവിക്കുന്നുണ്ട്. ഉദാഹരണം താഴെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിടത്തിന്റെ വിസ്തീർണ്ണം |
|---|---|---|
| 5/199 A,B,C,D | സുഭാഷ്,<br>തായിക്കോട്ട്,<br>പുത്തൂർവട്ടം,<br>ബാലുശ്ശേരി-673612 | 292.2 ച.മീ |
| 9/438 B,C,D | രാമകൃഷ്ണൻ,<br>പുതിയോട്ടും കണ്ടി, | 296.61 ച.മീ |

| | | |
|---|---|---|
| | ബാലുശ്ശേരി-673612 | |

മേൽ അപാകത അധികാരികളെ അറിയിച്ച് സോഫ്റ്റ് വെയറിൽ വേണ്ട മാറ്റങ്ങൾ വരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയത്തെ സമൂലമായി ബാധിക്കുന്നതും സ്ഥാപനത്തിന് നഷ്ടം വരുത്തുന്നതുമായ സാങ്കേതിക പ്രശ്നം മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തി സോഫ്റ്റ് വെയർ നിർമ്മിച്ച സ്ഥാപനത്തിന്റെ/സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും ഇത്തരത്തിലുണ്ടാകുന്ന നികുതിനഷ്ടം ഒഴിവാക്കേണ്ടതുമാണ്.

1-13 ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കുന്നില്ല.

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി മുൻവർഷത്തെ സംരംഭക ലൈസൻസുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഫീൽഡ് പരിശോധനയിലൂടെ കണ്ടെത്തി അത്തരം സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃതം ലൈസൻസ് എടുപ്പിക്കുന്നതിന് സ്ഥാപനം യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട കഴിഞ്ഞ 4 വർഷങ്ങളിലെ വിവരങ്ങൾ താഴെ ചേർത്തിട്ടുള്ള പട്ടിക പരിശോധിച്ചാൽ വ്യക്തമാവുന്നതാണ്.

| വർഷം | അനുവദിച്ച ലൈസൻസുകളുടെ എണ്ണം | ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം(ലൈസൻസ് രജിസ്റ്റർ പ്രകാരം) | പിരിച്ചെടുത്ത ലൈസൻസ് ഫീ |
|---|---|---|---|
| 2018-19 | 1172 | 1710 | 613170 |
| 2019-20 | 1223 | 1659 | 667400 |
| 2020-21 | 1072 | 1474 | 572000 |
| 2021-22 | 1128 | 1552 | 657900 |

2021-22 സാമ്പത്തിക വർഷം ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 07.12.2021 തിയ്യതിയിലെ തീരുമാനം നം-66/2021 പ്രകാരം ഗ്രമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തി. അത്തരം സ്ഥാപനങ്ങളെ കണ്ടെത്തി നോട്ടീസ് നൽകുന്നതിന് ലൈസൻസ് സെക്ഷനെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം-23/21-22 തിയ്യതി-29.10.2022). ഗ്രാമപഞ്ചായത്തിലെ വാണിജ്യ/ വ്യാവസായിക ആവശ്യത്തിന് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ ഫീൽഡ് പരിശോധന നടത്തി അവയിൽ നിന്നും നിയമാനുസൃത ലൈസൻസ് എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 പ്രവൃത്തി തുടങ്ങുന്നതിനുള്ള കാലതാമസം-നടപടികൾ സ്വീകരിച്ചില്ല

പ്രൊജക്റ്റ് നമ്പർ .111/22 (SO)

പ്രൊജക്റ്റ് : എരമംഗലം സ്കൂൾ കട്ടവിരിക്കൽ നവീകരണം

അടങ്കൽതുക : 399700/-

ചെലവ് തുക- 377936

എം.ബുക്ക് : 267/2021-22

പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയ പരിധി: 6 മാസം

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ മേൽ സൂചിപ്പിച്ച പൊതുമരാമത്ത് പ്രവൃത്തിയുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു ജി.ഒ(പി)13/2012/പി.ഡബ്ല്യു.ഡി തിയ്യതി.01-02-2012 നമ്പർ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2116.1 പ്രകാരം സമയ പരിധിക്കുള്ളിൽ മരാമത്ത് പ്രവൃത്തി ആരംഭിക്കാത്ത കേസുകളിൽ ഓരോ ആഴ്ചയിലേക്കും 0.1% (പരമാവധി 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ് ചെയ്യുകയും സെക്ഷൻ 2116.2, 2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തിയിൽ കരാറുകാരൻ സമയപരിധി പാലിക്കാതെ പ്രവൃത്തി നീട്ടിക്കൊണ്ടു പോയതായി കാണുന്നു. പ്രസ്തുത അവസരത്തിൽ കരാറുകാരനെതിരെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ അനുശാസിക്കുന്ന നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. പ്രവൃത്തിയുടെ വിശദാംശം ചുവടെ:

| | പ്രവൃത്തി സംബന്ധിച്ച നടപടികൾ | തിയ്യതി |
|---|---|---|
| 1 | ടെണ്ടർ | 18-02-2021 |
| 2 | ഭരണസമിതി ടെണ്ടർ അംഗീകരിച്ചത് | 19.2.21 |
| 3 | സെലക്ഷൻ നോട്ടീസ് | 20.2.21 |
| 4 | എഗ്രിമെന്റ് വെച്ചത് | 20.2.21 |
| 5 | സൈറ്റ് കൈമാറിയത് | 20.2.21 |
| 6 | പ്രവൃത്തി ആരംഭിച്ചത് | 14.12.21(എം.ബുക്ക് പേജ് നമ്പർ 1) |

കരാർ വ്യവസ്ഥകൾ പ്രകാരം കരാറുടമ്പടി വച്ച് 10 ദിവസത്തിനുള്ളിൽ പ്രവൃത്തി നടക്കുന്നതിനായി സ്ഥലം ഏറ്റുവാങ്ങുകയും സ്ഥലം ഏറ്റുവാങ്ങി 10 ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇവിടെ കരാർ പ്രകാരവും , മാന്വൽ പ്രകാരവും ഉള്ള നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ചയുണ്ടായതായി കാണുന്നു .

അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. നടപടിക്രമങ്ങളിലെ വീഴ്ചമൂലം പദ്ധതികൾ സ്പിൽ ഓവറാവുകയും പദ്ധതികളുടെ സേവനം ഗുണഭോക്താക്കൾക്ക് സമയത്ത് ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന അവസ്ഥ ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ

നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് | ഓഡിറ്റ് വർഷത്തെ ചെലവ് | കരാറുകാരൻ, എഗ്രി. നമ്പർ, തിയ്യതി, എം. ബുക്ക് നമ്പർ | ടി. എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ്, സൈറ്റ് കൈമാറിയ തിയ്യതി, പ്രവൃത്തി പൂർത്തിയാക്കിയ തിയ്യതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | 98/21-22 പനായി അങ്കണവാടി നടപ്പാത (SO) | 39727 ധനകാര്യ കമ്മീഷൻ അവാർഡ്. 37200(ബിൽനം. 372./22/3.22). തനത്ഫണ്ട് 2527 ചെക്ക്നം.603190/ 25.3.22 | വിജീഷ്.എം AE/BS/5/ 19-20/30.9.19 Mbook.280/ 20-21 | 9 മാസം 30.9.19 19.1.22 | പി. എ. സി തുക 40000 രൂപയുടെ (3% 1200രൂപ |
| 2 | 99/21-22 പങ്ങിണിമല നടപ്പാത (SO) | 154959 ധനകാര്യകമ്മീഷൻ അവാർഡ്. ബിൽനം | എ .എം. രവീന്ദ്രൻ 38/AE/BS/ 19-20/28.3.20 | 3മാസം 28.3.20 21. 3.22 | പി. എ. സി തുക 200000 രൂപ യുടെ |

| | | | | | |
|---|---|---|---|---|---|
| | | 397/26.3.22 | Mbook. 271/ 21-22 | | (3%) രൂപ 6000 |
| 3 | 100/21-22. ആർദ്രം പദ്ധതി. പി.എച്ച്.സി യിൽ കമ്മ്യൂണിറ്റി ടോയ് ലറ്റ് . (SO) | 269356 സംസ്ഥാനാവി ഷ്കൃതഫണ്ട്. 222/25.1.22 | ഷൈജു.കെ.കെ 32/AE/BS/ 19-20/1.1.20 Mbook. 3/ 21-22, 139/ 19-20, 349/20-21 | 9മാസം 1.1.20 3. 1.22 | പി. എ. സി തുക 400000 രൂപ യുടെ (3%) രൂപ 12000 |
| | ആകെ | | | | 19200 |

1.2.2012 തീയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ അപേക്ഷ സമർപ്പിച്ചതിന്റെ രേഖകൾ ലഭ്യമല്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽപ്രവൃത്തികളുടെ കാലയളവ് ആകെ പൂർത്തീകരണസമയത്തിന്റെ 50% ത്തിലും അധികമായതിനാൽ പിഴ ഈടാക്കാതെ ഫൈനൽ ബിൽ അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. ഫൈൻ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1-16 വരൾച്ച 2021 കുടിവെള്ള വിതരണം-അപാകതകൾ

പ്രോജക്ട് നമ്പർ 5/2021-22

അടങ്കൽ : 10,00,000/- രൂപ

ചെലവ് : 694338/- രൂപ

നിർവ്വഹണോദ്യോഗസ്ഥൻ: സെക്രട്ടറി

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കുടിവെള്ള വിതരണം നടത്തുന്നതിനാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.കുടിവെള്ളത്തിന്റെ സ്രോതസ്സും സ്രോതസ്സിലെ വെള്ളം - സർക്കാർ അംഗീകൃത ലാബുകളിൽ പരിശോധിച്ച്, ഉപയോഗ യോഗ്യമാണെന്നുള്ള സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല.

2. വെള്ളം വിതരണം ചെയ്യുന്ന ഉപകരണങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറെ കൊണ്ട് പരിശോധന നടത്തിയതിന്റെ രേഖ ഫയലിൽ ഇല്ല .

3. ഹാജരാക്കിയ 2 ട്രിപ്പ് ഷീറ്റ് പ്രകാരം KL 42-BE-2961 എന്ന വാഹനം 11.4.2021 ന് രാവിലെ 12.34 ന് അരിക്കുളം മുക്ക് , കൊയിലാണ്ടി റൂട്ടിലും അടുത്ത ട്രിപ്പ് ഷീറ്റിൽ 12.30 ന് കണ്ണംകോട്, മൊടക്കല്ലൂർ, കൊയിലാണ്ടി റൂട്ടിലും ഒരേ സമയത്ത് ഓടിയതായി കാണുന്നു. ഈ വൈരുദ്ധ്യം വിശദീകരിക്കേണ്ടതാണ്.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം. 3/2022 തീയതി 25.10.2022). രേഖകളുടെ അഭാവത്തിൽ ചെലവ് തുക 694338/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-17 സർക്കാർ നിർദ്ദേശം പാലിക്കാതെ ആർജ്ജിതാവധി പണമാക്കി മാറ്റി

05.11.2020 ലെ സ.ഉ (അ) നം152/20 ധന നമ്പർ ഉത്തരവ് പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ എല്ലാ വിഭാഗം ജീവനക്കാരുടേയും ലീവ് സറണ്ടർ ആനുകൂല്യം 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്ന് ഉത്തരവായതാണ്. 26.07.2021 ലെ ജി.ഒ.പി നമ്പർ 104/2021 ധന നമ്പർ ഉത്തരവ് പ്രകാരം 01.06.2021 മുതൽ തുടർന്നും 6 മാസത്തേക്ക് ലീവ് സറണ്ടർ ആനുകൂല്യം മാറ്റിവെച്ചിട്ടുണ്ട്. 01.12.2021 ലെ ജി.ഒ.(പി)നമ്പർ 160/2021 ധന നമ്പർ ഉത്തരവ് പ്രകാരം 01.12.2021 മുതൽ സാമ്പത്തിക വർഷാവസാനം വരെയും ലീവ് സറണ്ടർ ആനുകൂല്യം മാറ്റിവെച്ചിട്ടുണ്ട്. മേൽപ്രകാരം ലീവ് സറണ്ടർ ആനുകൂല്യം മാറ്റിവെച്ച സാഹചര്യത്തിലും താഴെ പറയുന്ന വൗച്ചർ പ്രകാരം സറണ്ടർ അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തിയ്യതി | വിശദാംശം | തുക |
|---|---|---|---|---|
| 1 | 22100189 | 02.06.2021 | ജീവനക്കാരുടെ ആർജ്ജിതാവധി സറണ്ടർ | 795920 |
| 2 | 22100192 | 08.06.2021 | സെക്രട്ടറിയുടെ ആർജ്ജിതാവധി സറണ്ടർ | 81696 |

ക്രമ നമ്പർ 1 പ്രകാരം ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ജീവനക്കാർക്കും ലീവ് സറണ്ടർ അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് | തസ്തിക | അടിസ്ഥാന ശമ്പളം | ഡി.എ | എച്ച്.ആർ.എ | ആകെ |
|---|---|---|---|---|---|
| വിനോദ് കുമാർ . കെ.പി | അസിസ്റ്റന്റ് സെക്രട്ടറി | 59300 | 4151 | 2372 | 65823 |
| സജിത്ത് .കെ.പി | ജൂനിയർ സൂപ്രണ്ട് | 53900 | 3773 | 2156 | 59829 |

| | | | | | |
|---|---|---|---|---|---|
| ശ്രീജിത്ത് കുമാർ .വി | അക്കൗണ്ടന്റ് | 51400 | 3598 | 2056 | 57054 |
| സിന്ധുദാസ്.ടി.കെ | ക്ലാർക്ക് | 55200 | 3864 | 2208 | 61272 |
| നിഷ.കെ | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 | 51400 | 3598 | 2056 | 57054 |
| ശിവപ്രസാദ്.സി | | 45600 | 3192 | 1824 | 50616 |
| ശ്രീജിത്ത്.കെ.എസ് | സീനിയർ ക്ലർക്ക് | 44500 | 3115 | 1780 | 49395 |
| മഞ്ജുള.എൻ | " | 37400 | 2618 | 1496 | 41514 |
| ലിബിത.കെ | " | 35600 | 2492 | 1424 | 39516 |
| ബിന്ദു.സി.ടി.കെ | " | 35600 | 2492 | 1424 | 39516 |
| ഗിരിജ.സി | | 37400 | 2618 | 1496 | 41514 |
| ലീന.എ.കെ | | 31100 | 2177 | 1244 | 34521 |
| ഷിജി.എം | | 31100 | 2177 | 1244 | 34521 |
| ഇന്ദു.എ.കെ | | 30300 | 2121 | 1212 | 33633 |
| അബൂബക്കർ.പി.കെ | | 45600 | 3192 | 1824 | 50616 |
| മുനീർ.പി.ടി | | 29500 | 2065 | 1200 | 32765 |
| മുരളീധരൻ .എൻ.പി | | 16733 | 1171 | 800 | 18704 |
| ഷക്കിയ.വി.എം | | 25100 | 1757 | 1200 | 28057 |
| ആകെ | | 445533 | 50171 | 29016 | 795920 |

ഡി.ഡി.പി യുടെ 08.06.2021 ലെ കെ.കെ.ഡി /1442/21-എ3 നമ്പർ നടപടിക്രമത്തിന്റെ അടിസ്ഥാനത്തിൽ ക്രമ നമ്പർ 2 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ആർജ്ജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് | അടിസ്ഥാന ശമ്പളം,ഡി.എ, എച്ച്.ആർ.എ,ഉൾപ്പെടെ ആകെ തുക |
|---|---|
| ശ്രീ ഗിരീഷ്,എം | 81696/- |

മാറ്റിവെച്ച ലീവ് സറണ്ടർ ആനുകൂല്യം പുന സ്ഥാപിച്ച ഉത്തരവ് ലഭ്യമാക്കാതെ സറണ്ടർ അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്. സർക്കാർ മേൽ വിവരിച്ച സർക്കാർ ഉത്തരവുകളിലൊന്നും ആർജ്ജിതാവധി സറണ്ടർ പുനസ്ഥാപിച്ചിട്ടില്ലാത്തതിനാൽ ഉത്തരവുകൾക്ക് വിരുദ്ധമായി ചെയ്ത ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. ഇത് ലഭ്യമാകാത്ത പക്ഷം ചെലവു തുക നിരാകരിക്കുന്നതാണ്. 877616രൂപയുടെ (81696+795920) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 കടിവെള്ള പദ്ധതിയുടെ കറണ്ട് ചാർജ്ജ് തനതുഫണ്ടിൽ നിന്ന് അടവാക്കുന്നു

മഞ്ഞപ്പാലം കുടിവെള്ള പദ്ധതിയുടെ കറണ്ട് ചാർജ്ജ് അടവാക്കുന്നതിനായി തൻ വർഷം 184932/- രൂപ പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. സ.ഉ.(കൈ) നം.22/2018 /തസ്വഭവ തി. 14.2.2018 പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6 ലെ കുറിപ്പ് 3 അനുസരിച്ച് കുടിവെള്ള പ്രൊജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തി ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതും നിർമ്മാണം പൂർത്തിയാക്കിയ ശേഷം പ്രൊജക്ടിന്റെ തുടർ

നടത്തിപ്പം അറ്റകുറ്റപ്പണിയുടെ ചുമതലയും ഉണഭോക്തൃ ഗ്രൂപ്പ് തന്നെ നിർവ്വഹിക്കേണ്ടതുമാണെന്നിരിക്കേ തനതുഫണ്ടിൽ നിന്നും കുടിവെള്ള പദ്ധതിയുടെ കറണ്ട് ചാർജ്ജ് അടവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിട്ടില്ല .തനതു ഫണ്ടിൽ നിന്ന് ചെലവഴിച്ച 184932/-രൂപ രൂപ തടസ്സപ്പെടുത്തുന്നു.

1-19 ജലജീവൻമിഷൻ - ഡെപ്പോസിറ്റ് പ്രവർത്തി വിശദാംശങ്ങൾ ലഭ്യമല്ല

പ്രൊജക്ട് നം . 39 / 21-22 (SO)

അടങ്കൽ- 1000000

ചെലവ് തുക- 1000000.(ബിൽനം. 180 .30.12.21 )

കേരള വാട്ടർ അതോറിറ്റിയുടെ ജലജീവൻ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലേയ്ക്ക് അധികമായി 4700 ഓളം കുടിവെള്ള കണക്ഷൻ അനുവദിക്കുന്നതിന് പൈപ്പ് ലൈൻ കണക്ഷൻ തയ്യാറാക്കുന്നതിനുള്ള തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ളതാണ് ഈ പ്രോജക്ട്. ഫയൽ പ്രകാരം വാട്ടർ അതോറിറ്റിയുടെ അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം 67144992708) 2021-22 സാമ്പത്തിക വർഷത്തിൽ 1000000 രൂപ കൈമാറിയിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് വെച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

2. പ്രവൃത്തിയുടെ പുരോഗതിയുടെ വിവരങ്ങൾ ലഭ്യമല്ല.

3.വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

സ. ഉ. (കൈ) നം.11/2018/ L.S.G.D. Dtd.29.1.18 ഖ.11.2 (ഡി) പ്രകാരം ഉള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. മേൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതും, വിനിയോഗ വിവരം ഹാജരാക്കേണ്ടതുമാണ്. ചെലവ് തുക 1000000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-20 തത്തമ്പലത്ത് ചേനേരി റോഡ്. പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

പ്രൊജക്ട് നം . 105 / 21-22 (SO)

അടങ്കൽ- 280000

ചെലവ് തുക- 278012

നിലവിലുള്ള മൺറോഡ് ടാർ ചെയ്ത് ഗതാഗത സൗകര്യം മെച്ചപ്പെടുത്താൻ വേണ്ടി തയ്യാറാക്കിയതാണ് മേൽ പ്രോജക്ട്. ടി.എസ്.സ്ലിപ്പ് പ്രകാരം (18092/20-21/ 24-5-20) 380000/- രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയത്. പ്രസ്തുത പ്രവൃത്തി 338830.27 /- നിരക്കിൽ ശ്രീ.ബൈജു എം എന്ന കരാറുകാരൻ 18G/AE/ BLSY/ 20-21 Dtd. 23.1.2021 എഗ്രിമെന്റ് പ്രകാരം പ്രവൃത്തി ഏറ്റെടുത്തു. ഐ.കെ.എം ചെലവ് പത്രിക പ്രകാരം 2021-22 ൽ 278012 രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഫയലിൽ പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയതിന്റെ മെഷർമെന്റ് ബുക്ക്, ഫൈനൽ ബില്ലുകൾ എന്നിവയുടെ വിശദാംശങ്ങൾ ഇല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. ചെലവ് തുക 278012 തടസ്സത്തിൽ വയ്ക്കുന്നു.

1-21 പദ്ധതികളുടെ മോണിറ്ററിംങ് ഫലപ്രദമല്ല.

(1)അങ്കണവാടി പൂരകപോഷകാഹാരം വിതരണം

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പോഷകാഹാര വിതരണ പ്രൊജക്ടിന്റെ ഭാഗമായി താഴെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 22/2020-21 അനുപൂരക പോഷകാഹാരം-ജനറൽ | 2700000 | 2365547 |
| 2 | 22/21-22അനുപൂരക പോഷകാഹാരം-എസ്.സി.പി | 200000 | 200000 |

പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്) 11/2018/ ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. ആയവ താഴെ കൊടുക്കുന്നു.

എ) മേൽ ഉത്തരവ് 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

ബി) 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.

സി)7.8.2.4 പ്രകാരം പോഷകാഹാര വിതരണം ഫലപ്രദമാണെന്ന് ഉറപ്പുവരുത്താൻ അങ്കണവാടി വെൽഫെയർ കമ്മറ്റി, നിരീക്ഷണ കമ്മറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടൽ ഭരണസമിതി ഉറപ്പുവരുത്തേണ്ടതായിരുന്നു. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 2021-22 സാമ്പത്തിക വർഷം 18-12-2021 , 28-12-2021 തീയതികളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിൽ മോണിറ്ററിംഗിനെക്കുറിച്ച് പ്രതിപാദിച്ചിട്ടില്ല. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം-21/21-22 തിയ്യതി-29.10.2022). അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

(2)വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികൾ

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് നടന്നിട്ടില്ല. മൃഗസംരക്ഷണ മേഖലകളിൽ ആവിഷ്കരിച്ച മുഴുവൻ പദ്ധതികളും നിർവ്വഹണം നടത്തിയിട്ടുണ്ട്. എന്നാൽ ഇവയുടെ ഫലപ്രാപ്തി സംബന്ധിച്ച് കൃത്യമായ വിലയിരുത്തൽ നടത്തിയിട്ടില്ല. ഓഡിറ്റ് വർഷം പദ്ധതി മോണിറ്ററിംഗ് നടത്തുന്നതിനായി തുകയൊന്നും ചെലവഴിച്ചതായി കാണുന്നില്ല.

പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിവ്വഹിക്കേണ്ടതാണ്. പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പുകൾ ഭരണ സമിതിക്കും, നിർവ്വഹണ ഉദ്യോഗസ്ഥനും സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ വിശദമായ മോണിറ്ററിംഗ് നടന്നതായി കാണുന്നില്ല.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം-22/21-22 തിയ്യതി-29.10.2022). അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-22 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -പദ്ധതി ആരംഭിച്ചില്ല

പ്രോജക്ട് നം-173/21-22

അടങ്കൽ-204900/-

ചെലവ്-204900/-(ബിൽ നം- 21170752015401404126/22.03.2022-തുക-62000/-

ബിൽ നം- 21170752015401337956/16.03.2022-തുക-142900/-)

സ.ഉ(ആർ.ടി)നം-2307/2021/തസ്വഭവ/ തിയ്യതി-18.11.2021 പ്രകാരം ഹരിത കേരള മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചെടുത്ത സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം സോഫ്റ്റ് വെയർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ Smart Garbage Mobile Application വഴി നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 15.03.2022 ന് കെൽട്രോണുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് ഇതിനായി 204900/-രൂപ വകയിരുത്തുകയും ആയത് മുഴുവനായി കെൽട്രോണിന് നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയിലേക്കാവശ്യമായ ലാപ്ടോപ്പ്, വീടുകളിൽ പതിക്കുന്നതിനുള്ള ക്യൂ.ആർ കോഡ് എന്നിവയ്ക്കായാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഓഡിറ്റ് തിയ്യതി വരെ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നം-27/21-22 തിയ്യതി-29.10.2022). പദ്ധതി പ്രവർത്തനക്ഷമമായതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-23 ചെറുകിട വ്യവസായം/സ്വയം തൊഴിൽ മേഖലയിൽ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ സ്റ്റാറ്റസ് റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പ് മിനുട്സ്, വികസന സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് എന്നിവ പരിശോധിച്ചതിൽ ചെറുകിട വ്യവസായ സ്വയംതൊഴിൽ മേഖലയിൽ പദ്ധതി ആവിഷ്കരിച്ചുവെങ്കിലും നടപ്പിലാക്കിയതായി കാണുന്നില്ല. പ്രോജ്ക്റ്റ് നം-65/21-22 പ്രകാരം ചെറുകിട തൊഴിൽ സംരംഭം-വനിത എന്ന പദ്ധതി (അടങ്കൽ-760000/- രൂപ) ആവിഷ്കരിച്ചുവെങ്കിലും നടപ്പിലാക്കിയിട്ടില്ല. ചെറുകിട വ്യവസായ സ്വയം തൊഴിൽ മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം-18/21-22 തിയ്യതി-29.10.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെറുകിട വ്യവസായം/സ്വയം തൊഴിൽ മേഖലയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 കന്നുകുട്ടി പരിപാലന പദ്ധതി- മോണിറ്ററിംഗ് നടത്തുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 38/2022<br>കന്നുകുട്ടി പരിപാലന പദ്ധതി |
| വകയിരുത്തിയ തുക<br>ആകെ | 1) 3,12,500/- (വികസന ഫണ്ട്. പൊതുവിഭാഗം)<br>2) 3,12,500/- (സംസ്ഥാനാവിഷ്കൃതം)<br>3) 6,25,000 (ഗുണഭോക്തൃ വിഹിതം)<br>12,50,000/- |
| ചെലവ് തുക | 31,2,500/- (വികസന ഫണ്ട്. പൊതുവിഭാഗം) |
| ബിൽ നം/തിയ്യതി | 3146/16.12.2021 (312500/-) |
| നിർവ്വഹണ | വെറ്ററിനറി സർജൻ |

| ഉദ്യോഗസ്ഥൻ | |
|---|---|

മേൽ പ്രോജക്റ്റിനായി 312500 രൂപ വികസനഫണ്ട് പിൻവലിച്ച് കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ഈ തുക പഞ്ചായത്തിലെ ഏതൊക്കെ കർഷകർക്ക് നൽകി, ഓരോ കർഷകരും കൈപ്പറ്റിയ കാലിത്തീറ്റയുടെ അളവ്, ഓഡിറ്റ് സമയം വരെ ചെലവഴിച്ച തുക (വിവിധ ഫണ്ടുകളും, ഗുണഭോക്തൃ വിഹിതവും തിരിച്ച്) എന്നിവ സംബന്ധിച്ച വിശദാംശം പരിശോധനയ്ക്ക് ലഭിച്ചില്ല. തുക കൈമാറിയ ശേഷം ഈ വിഷയത്തിൽ യാതൊരു മോണിറ്ററിംഗും നടന്നിട്ടില്ലെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. പ്രോജക്റ്റ് ലക്ഷ്യം വെക്കുന്നത് പഞ്ചായത്ത് പരിധിയിലെ 4-6 മാസം പ്രായമുള്ള 50 സങ്കരയിനം കന്നുകുട്ടികളെ തെരഞ്ഞെടുത്ത് പ്രത്യേക തീറ്റ നൽകി ഉൽപ്പാദനശേഷി കൂടിയതും ആരോഗ്യമുള്ളതുമായ കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കുക, പാലുല്പാദനം വർദ്ധിപ്പിക്കുക, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക തുടങ്ങിയവയാണ്. പദ്ധതി മോണിറ്ററിംഗ് ചെയ്യേണ്ട സമിതിയുടെ ചുമതല കന്നുകുട്ടികളെ തെരഞ്ഞെടുപ്പും തീറ്റ വിതരണവും, പദ്ധതി നടത്തിപ്പ് എന്നിവയാണെങ്കിലും മോണിറ്ററിംഗ് സമിതി ഈ ചുമതലകളൊന്നും തന്നെ നിർവ്വഹിച്ചതായി കാണുന്നില്ല. കൂടാതെ മുൻ വർഷങ്ങളിലുൾപ്പെടെ നിർവ്വഹണം നടത്തപ്പെട്ട ഈ പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്ന് പരിശോധിക്കാനുള്ള ചുമതലയും മോണിറ്ററിംഗ് സമിതിക്ക് നൽകിയിട്ടില്ല.

മേൽ ആവശ്യപ്പെട്ട വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല(ഓഡിറ്റ് എൻക്വയറി നമ്പർ 5/2021-22 തിയ്യതി-27.10.2022). അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-25 ലൈഫ് ഭവനപദ്ധതി-മുൻകൂർ തുക കൈപ്പറ്റി ഭവനനിർമ്മാണം ആരംഭിച്ചില്ല

2018-19 വർഷം ആരംഭിച്ച ലൈഫ് ഭവനപദ്ധതിക്ക് ഗ്രാമപഞ്ചായത്തിൽ (ലൈഫ് ജനറൽ) 110 ഗുണഭോക്താക്കളാണുണ്ടായിരുന്നത്. ഓഡിറ്റ് വർഷം വരെ 88 ഗുണഭോക്താക്കളാണ് വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. 21 ഗുണഭോക്താക്കളുടെ വീട് പണി നിലവിൽ നടന്നുകൊണ്ടിരിക്കുന്നു. 1 ഗുണഭോക്താവ് അഡ്വാൻസ് കൈപ്പറ്റിയെങ്കിലും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല . ഗുണഭോക്താവായ ശ്രീമതി. അനിത ബാബു എന്നയാൾ 2020 ജനവരി മാസം ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെടുകയും 40000/- രൂപ NEFT ആയി കൈപ്പറ്റുകയും ചെയ്തിട്ടുള്ളതാണ് (തിയ്യതി-10.02.2020) . എന്നാൽ ഓഡിറ്റ് തിയ്യതി വരെ ഗുണഭോക്താവ് വീട് പണി ആരംഭിച്ചിട്ടില്ല. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം-20/21-22 തിയ്യതി-29.10.2022). അഡ്വാൻസ് കൈപ്പറ്റിയിട്ടും വീട് പണി ആരംഭിക്കാത്തതിനാൽ തുക പലിശ സഹിതം തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

1-26 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -അപാകതകൾ

പ്രോജക്റ്റ് നമ്പർ 118/2021-22

അടങ്കൽ : 2,00,000/-

ചെലവ് : 1,18,453 [38859 Dt 31.1.22 79594 Dt 14.2.22]

നിർവ്വഹണോദ്യോഗസ്ഥൻ: സെക്രട്ടറി

കമ്പ്യൂട്ടറും പ്രിന്ററും വാങ്ങുന്നതിനായി ഐ.ടി മിഷനിലേക്ക് 118453/- രൂപ {31.1.22 ന് 38859/-രൂപയും 14.2.22 ന് 79594 /- രൂപയും} അടവാക്കിയിട്ടുണ്ട് . എന്നാൽ കമ്പ്യൂട്ടർ മാത്രമാണ് നാളിതുവരെ ലഭ്യമാക്കിയിട്ടുള്ളത്. അപാകതകൾ ചുവടെ ചേർക്കുന്നു.

1. കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തിയ്യതി എഴുതിയിട്ടില്ല.

2. കമ്പ്യൂട്ടറിനൊപ്പം ലഭിച്ച ബിൽ പ്രകാരം കമ്പ്യൂട്ടറിന്റെ വിലയായി കാണിച്ചിരിക്കുന്നത്

76532/-രൂപയാണ്. കൈമാറിയ 79594/-രൂപയിൽ ബാക്കി തുകയുടെ വിശദാംശം ലഭ്യമല്ല.

3. പ്രിന്ററിനു വേണ്ടി 31.1.22 ന് 38859/-രൂപ നൽകിയിട്ടുണ്ടെങ്കിലും , നാളിതുവരെയായി ലഭിച്ചിട്ടില്ല.

4. 16.7.22 ലെ ഐ.ടി മിഷന്റെ കത്ത് പ്രകാരം , കമ്പ്യൂട്ടറിന്റെ വിലയായ 79594/- രൂപ എത്രയും വേഗം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.ഇതെന്തിനാണെന്ന് വ്യക്തമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 1/2021-22 തി 25.10.2022). അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പ്രിന്റർ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-27 ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഇ-ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ (ടെണ്ടർ ഫോറം വില) നിലവിൽ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടപ്പെടുന്നില്ല. ഇ-ടെണ്ടർ നടപടികൾ തുടങ്ങിയ വർഷം മുതൽ നാളിതുവരെ ഈ ഇനത്തിലുള്ള വരവ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ജില്ലാപഞ്ചായത്തിലുള്ള ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ഇ-ടെണ്ടർ ഫീ ഫയൽ പരിശോധിച്ചതിൽ 2021-22 വർഷത്തിൽ 19 പ്രവൃത്തികൾക്കായി ഇ-ടെണ്ടർ നടപടികൾ കൈകൊണ്ടതായി കാണുന്നു. പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിക്കുന്നതിനായി 26.10.22. ന് എസ്.ബി.ഐ. ബാലുശ്ശേരി ശാഖയിലേയ്ക്ക് കത്ത് നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 2014-15 മുതൽ 2020-21 വരെ 975000 രൂപ ഈയിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.

ഇ-ടെണ്ടർ ഇനത്തിലെ തുക പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 1-28 ഹരിത കർമ്മസേനയുടെ പ്രവർത്തനം -അപാകതകൾ

പ്ലാസ്റ്റിക് അജൈവമാലിന്യങ്ങൾ കയറ്റി അയക്കുന്നതിനായി ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം തുക വിനിയോഗിച്ചിട്ടുണ്ട്.

| ക്രമനം | ചെലവിനം | വൗച്ചർ നം/ബിൽ നം | തുക |
|---|---|---|---|
| 1 | അജൈവ പാഴ് വസ്തുക്കൾ ലോഡാക്കി കയറ്റി അയച്ചതിന് ക്ലീൻ കേരള എന്ന സ്ഥാപനത്തിന് നല്കിയ തുക 11.8 രൂപ/ കിലോ നിരക്കിൽ (പ്രോജക്ട് നം-77/ 21-22) | (1)പ്രൊസീഡിംഗ്സ് നം-259/21-22 തിയ്യതി-05.02.2022 | 1460486/- |

| | | | |
|---|---|---|---|
| 2 | അജൈവ മാലിന്യങ്ങൾ ശേഖരിക്കൽ(പ്രോജക്ട് നം-117/21-22 -)(അജൈവ പാഴ്വസ്തുക്കൾ ലോഡാക്കി കയറ്റി അയച്ചതിന് ക്ലീൻ കേരളകമ്പനിക്ക് വിഹിതം നൽകി യത്- 11.8 രൂപ/ കിലോ നിരക്കിൽ) | (1)BRN-2117075201540060 7649/1-11-21 തുക-202252/-<br>(2)BRN-21170752015401028579/28-01-22 തുക-243847/- | 446099/- |
| ആകെ ചെലവ് | | | 1906585/- |

ആകെ 1906585/- രൂപ അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനാണ് ചെലവഴിച്ചതെന്ന് മേൽ വിവരങ്ങൾ വ്യക്തമാക്കുന്നു. ഈയിനത്തിൽ ഭീമമായ ചെലവാണ് സ്ഥാപനത്തിനുണ്ടായിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>ഹരിതകർമ്മസേന -പ്രവർത്തനത്തിലെ അപാകതകൾ .</u>

സ.ഉ (സാധാ) നം. 2420/തസ്വഭവ/തി.15.07.2017 ഉത്തരവ് പ്രകാരം ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണപ്രവർത്തനങ്ങൾക്കായി രൂപീകരിച്ച ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

അജൈവമാലിന്യങ്ങൾ സ്രോതസ്സിൽ നിന്നും, സൃഷ്ടിക്കുന്നവരുടെ ചെലവിൽ തരംതിരിച്ച് ശേഖരിച്ച് , മൂല്യവർദ്ധിത വസ്തുവായി വരുമാനമാർജ്ജിച്ചു കൊണ്ട് കൈയ്യൊഴിയുന്ന സംവിധാനമായ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ പൂർണ്ണമായ രീതിയിൽ സ്ഥാപനത്തിൽ നടക്കാത്തതാണ് മാലിന്യ നിർമ്മാർജ്ജനത്തിന് അനാവശ്യമായ ചെലവ് വരാൻ കാരണമായത്. കർമ്മസേനയുടെ ക്യാഷ് ബുക്ക്, കളക്ഷൻ രജിസ്റ്റർ ഉൾപ്പെടെയുള്ള രേഖകൾ പരിശോധിച്ചതിൽ, 2021 ഏപ്രിൽ മുതൽ മാർച്ച് 31 വരെയുള്ള കാലയളവിൽ ആകെ 726110/-രൂപയാണ് സേന പിരിച്ചെടുത്തത്. 13 അംഗങ്ങളുള്ള ഹരിതകർമ്മസേന പ്രവർത്തകർക്ക് ശമ്പള ഇനത്തിൽ 1037840/- രൂപ ചെലവ് വന്നിട്ടുണ്ട്. 2021 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ കോവിഡ് കാരണം യൂസർ ഫീ പിരിച്ചെടുക്കുന്നതിൽ കുറവ് വന്നതിനാൽ ഹരിത കർമ്മസേന അംഗങ്ങൾക്ക് ശമ്പളം നൽകുന്നതിനായി 200000/- രൂപ ചെലവഴിച്ചിട്ടുണ്ട്.(പ്രോജക്ട് നം-76/21-22 )

12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. പഞ്ചായത്തുകളുടെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തി 100-ൽ 60 മാർക്ക് ലഭിക്കുന്ന പഞ്ചായത്തിന് ശുചിത്വ പദവി ലഭിച്ചതായി കണക്കാക്കും. ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന് ശുചിത്വപദവി ലഭിച്ചതായി അറിയിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 9313 വാസഗൃഹങ്ങളും 1128 സംരംഭക ലൈസൻസ് അനുവദിക്കപ്പെട്ട സ്ഥാപനങ്ങളുമുണ്ട്. ഗ്രാമപഞ്ചായത്തിലെ വീടുകൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും കൃത്യമായ ഇടവേളകളിൽ ഹരിതകർമ്മസേന പ്രവർത്തകർ യൂസർ ഫീ പിരിച്ചെടുത്തിരുന്നുവെങ്കിൽ ഈയിനത്തിൽ പദ്ധതി വെച്ച് തുക ചെലവഴിക്കേണ്ടിവരില്ലായെന്ന് വ്യക്തമാണ്. എം.സി.എഫ് കേന്ദ്രങ്ങളിൽ വെച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ കൃത്യമായി തരംതിരിച്ച് നൽകാത്തതിനാൽ നല്ല പ്ലാസ്റ്റിക്കിന് ലഭിക്കുമായിരുന്ന വില നഷ്ടമാകുകയും, കൂടുതൽ മാലിന്യങ്ങൾ കയറ്റി അയക്കേണ്ടി

വന്നതിനാൽ ഈ ഇനത്തിൽ പഞ്ചായത്തിന് കൂടുതൽ തുക ചെലവഴിക്കേണ്ടി വരികയും ചെയ്തു. സംസ്കരണ കേന്ദ്രത്തിലേക്ക് കൊണ്ടുപോയ മാലിന്യങ്ങൾ റീസൈക്കിൾ ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ ഏജൻസി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചു. ഇതനുസരിച്ച് കഴുകി വൃത്തിയാക്കിയ അജൈവമാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേന ശേഖരിക്കേണ്ടതാണ്. ആയതിന് വാഹനസൗകര്യം ഏർപ്പെടുത്തേണ്ടതും അവ സൂക്ഷിക്കുന്നതിനായി വാർഡ് തലത്തിൽ മിനി എം.സി.എഫുകളും സ്ഥാപിക്കേണ്ടതാണ്. മാലിന്യങ്ങൾ കയറ്റി അയച്ച വകയിൽ 2021-22 വർഷത്തിൽ 1906585/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വേർതിരിച്ച മാലിന്യങ്ങൾ ക്ലീൻ കേരളയ്ക്ക് നൽകിയത് വഴി ഓഡിറ്റ് വർഷം ആകെ ലഭ്യമായത് 132158/- രൂപ മാത്രമാണ്. ഓഡിറ്റിന്റെ ഭാഗമായി 28.10.2022 -ന് വൈകുണ്ഡം സ്റ്റേഡിയത്തിന് സമീപം സ്ഥാപിച്ച എം.സി.എഫിൽ സ്ഥലപരിശോധന നടത്തി. എം.സി.എഫിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

അജൈവ മാലിന്യങ്ങൾ കയറ്റി അയയ്ക്കൽ - കയറ്റി അയക്കുന്നവ സംസ്കരിക്കപ്പെടുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

പുനരുപയോഗയോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി പഞ്ചായത്തിൽ നിന്ന് തൂക്കമെടുത്ത് വാഹനങ്ങളിൽ കൊണ്ടു പോകുന്നതും മാലിന്യങ്ങൾ സംസ്കരിക്കുന്നത് എങ്ങനെയാണെന്നും എവിടെ വെച്ചാണെന്നും ഉള്ള വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഗ്രാമപഞ്ചായത്തിൽ നിന്ന് കയറ്റി അയക്കുന്ന മാലിന്യങ്ങൾ ഈ സ്ഥാപനങ്ങളിൽ സംസ്കരിച്ചതിന്റെ ആധികാരിക രേഖ പരിശോധനയ്ക്ക് ആവശ്യപ്പെടേണ്ടതാണ്.

ഹരിത കർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും സോഷ്യൽ ഓഡിറ്റ് നടന്നതായി കാണുന്നില്ല. ഇതിനായി ഒരു സോഷ്യൽ ഓഡിറ്റ് ടീമിനെ തെരഞ്ഞെടുത്ത് പരിശീലനം നൽകേണ്ടതായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ സോഷ്യൽ ഓഡിറ്റ് ടീം രൂപീകരിച്ചിട്ടില്ല.

17 വാർഡുകളുള്ള ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേനയിൽ 13 അംഗങ്ങൾ മാത്രമാണുള്ളത്. ഗ്രാമപഞ്ചായത്തിന്റെ വിസ്തൃതി, സ്ഥാപനങ്ങളുടെ എണ്ണം എന്നിവയ്ക്ക് ആനുപാതികമായി ഹരിത കർമ്മസേനയിൽ അംഗങ്ങളില്ല എന്ന് കാണുന്നു. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നം-19/21-22 തിയ്യതി-29.10.2022). തുടർ വർഷങ്ങളിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം ക്രിയാത്മകമായി നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 പൊതുമരാമത്ത് പ്രവൃത്തികൾ -മോണിറ്ററിംഗ് ഫലപ്രദമല്ല

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് ഫയലുകൾ , രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ പദ്ധതികളുടെ മോണിറ്ററിംഗ് കൃത്യമായി നടക്കുന്നില്ല എന്ന് കാണുന്നു. 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങൾ 17 പ്രകാരം പണികളുടെ സംക്ഷിപ്ത വിവരം ഗ്രാമസഭയിൽ വെക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും വേണം. പദ്ധതി മോണിട്ടറിംഗ് നടത്താനുള്ള ചുമതല കൃത്യമായി നിർവ്വചിച്ച് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 2021-22 ൽ 29.12.21ന് മാത്രമാണ് മീറ്റിംഗ് ചേർന്നിട്ടുള്ളത്. പ്രസ്തുത വർക്കിംഗ് ഗ്രൂപ്പിൽ പൊതുമരാമത്ത്

പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് ചർച്ചകൾ നടന്നിട്ടില്ല. പൊതുമരാമത്ത് പ്രൊജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ ത.സ്വ.ഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം. ഖണ്ഡിക 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. ഖണ്ഡിക 13.2 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാ മൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ , അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-30 പ്രത്യേക ഉദ്ദേശങ്ങൾക്കു വേണ്ടി മുൻവർഷങ്ങളിൽ ലഭിച്ച തുകകളിൽ ഇനിയും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക

മേൽ തുക കൂടാതെ പ്രത്യേക ഉദ്ദേശങ്ങൾക്കു വേണ്ടി മുൻവർഷങ്ങളിൽ ലഭിച്ച തുകകളിൽ ഇനിയും ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|
| ശുചിത്വ മിഷൻ | 3408386 |
| ബ്ലോക്ക് പഞ്ചായത്ത് | 114000 |
| ജില്ലാ പഞ്ചായത്ത് | 45000 |
| എം.പി.ഫണ്ട് | 14071 |
| ആകെ | 3839207 |

മേൽ പ്രകാരമുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ അവയുടെ വിനിയോഗ മാർഗ്ഗ നിർദ്ദേശ പ്രകാരം വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ചെലവഴിക്കാത്തപക്ഷം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകി അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രോജക്ട് | ഓഡിറ്റ് വർഷത്തെ ചെലവ് | കരാറുകാരൻ, അഗ്രി. നമ്പർ, തിയ്യതി, എം. ബുക്ക് നമ്പർ | ടി. എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ്, സൈറ്റ് കൈമാറിയ തിയ്യതി, പ്രവൃത്തി പൂർത്തിയാക്കിയ തിയ്യതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | 98/21-22 പനായി അങ്കണവാടി നടപ്പാത (SO) | 39727 ധനകാര്യകമ്മീഷൻ അവാർഡ്. 37200(ബിൽനം.372./22/3.22). തനത്ഫണ്ട് 2527 ചെക്ക്നം.603190/25.3.22 | വിജീഷ്.എം AE/BS/5/19-20/30.9.19 Mbook.280/20-21 | 9 മാസം 30.9.19 19.1.22 | പി. എ. സി തുക40000 രൂപയുടെ (3% 1200രൂപ |
| 2 | 99/21-22 പങ്ങിണിമല നടപ്പാത (SO) | 154959 ധനകാര്യകമ്മീഷൻ അവാർഡ്. | എ .എം.രവീന്ദ്രൻ 38/AE/BS/19-20/28.3.20 | 3മാസം 28.3.20 21. 3.22 | പി. എ. സി തുക 200000 രൂപ യുടെ |

| | | | | | |
|---|---|---|---|---|---|
| | | ബിൽനം 397/26.3.22 | Mbook. 271/ 21-22 | | (3%) രൂപ 6000 |
| 3 | 100/21-22. ആർദ്രം പദ്ധതി. പി.എച്ച്.സി യിൽ കമ്മ്യൂണിറ്റി ടോയ് ലറ്റ് . (SO) | 269356 സംസ്ഥാനാവിഷ്കൃത ഫണ്ട്. 222/25.1.22 | ഷൈജു.കെ.കെ 32/AE/BS/ 19-20/1.1.20 Mbook. 3/ 21-22, 139/ 19-20, 349/20-21 | 9മാസം 1.1.20 3. 1.22 | പി. എ. സി തുക 400000 രൂപയുടെ (3%) രൂപ 12000 |
| | ആകെ | | | | 19200 |

1.2.2012 തീയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യൂ.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ അപേക്ഷ സമർപ്പിച്ചതിന്റെ രേഖകൾ ലഭ്യമല്ല. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽ പ്രവൃത്തികളുടെ  കാലയളവ് ആകെ പൂർത്തീകരണ സമയത്തിന്റെ 50% ത്തിലും അധികമായതിനാൽ പിഴ ഈടാക്കാതെ ഫൈനൽബിൽ അനുവദിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. ഫൈൻ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ | സർട്ടിഫിക്കറ്റ് നമ്പർ/ |
|---|---|---|

| | | |
|---|---|---|
| | കണക്കുകൾ പരിശോധിച്ച തീയതി | തീയതി |
| 2021-22 | 25.10.2022 ,31.10.2022 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി പുറപ്പെടുവിച്ച |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | നെൽകൃഷി കൂലിചെലവ് സബ്സിഡി | 200000 |
| | 2021-22 | 326475 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് | 326475 |
| | | 200000 | വനിതാ ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസന്റീവ് | 200000 |
| | | 200000 | ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസന്റീവ് | 200000 |
| | | 80000 | ലൈഫ് വിഹിതം ടി.എസ്.പി | 80000 |
| | | 1855000 | ലൈഫ് വിഹിതം | 1855000 |

| | | | | |
|---|---|---|---|---|
| | | | എസ്.എസ്.പി | |
| | | | ആകെ | 2861475 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 120000 | നെൽകൃഷി കൂലിചെലവ് സബ്സിഡി | 120000 |
| | | 326475 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് | 326475 |
| | | 100000 | വനിതാ ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസന്റീവ് | 100000 |
| | | 83610 | ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസന്റീവ് | 83610 |
| | | | ആകെ | 630085 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

തൻവർഷം നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന | സ.ഉ(എം.എസ്) 68/2018.ത.സ്വ.ഭ.വ | 0 | 74,27,829 | 14,22,666 | | 60,05,163 |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതി | തീയതി-18/08/2018 | | | | | |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3192625 |
| തൻവർഷം നിക്ഷേപിച്ച തുക | 225784 |
| ആകെ | 3418409 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3418409 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | റീജിയണൽ കോ-ഓപ്പറേറ്റീവ് കോപ്പറേറ്റീവ് ബാങ്ക് ബാലുശ്ശേരി | 25.04.2020 | 12 മാസം | 769832 |
| 2 | ബാലുശ്ശേരി കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് | 20.01.2021 | 12 മാസം | 1805998 |
| 3 | കെ.ഡി.സി ബാങ്ക് | 29.04.2020 | 12 മാസം | 839579 |
| 4 | ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഷെയർ | - | - | 2,500 |
| 5 | മലപ്പുറം സ്പിന്നിംഗ് മിൽ ഷെയർ | - | - | 500 |
| ആകെ | | | | 3418409 |

ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിലെ അപാകതകൾ

തൻവർഷത്തെ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, നിക്ഷേപ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിൽ,

ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1.ബാലുശ്ശേരി കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിന്റെ 20315 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം20.01.2022 ന് 16,88,489/-രൂപ 7% പലിശ നിരക്കിൽ 1 വർഷത്തേക്ക് നിക്ഷേപിച്ചിട്ടുണ്ട്. കാലാവധി പൂർത്തിയായപ്പോൾ 1,17,509/- രൂപ പലിശ വരവ് വെച്ചിട്ടുണ്ട് . യഥാർത്ഥത്തിൽ വരവ് വെക്കേണ്ട പലിശ 1,18,194 രൂപയാണ്. 685/- രൂപയുടെ കുറവുണ്ട് .

2.ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതു പ്രകാരം - കേരള ഗ്രാമീണ ബാങ്കിന്റെ 839579 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം 794868/- രൂപ 29.3.22 ന് 1 വർഷത്തേക്ക് നിക്ഷേപിച്ചിട്ടുണ്ട്. രജിസ്റ്റർ പരിശോധിച്ചതിൽ 5.625% പലിശയാണ് സ്ഥാപനം ലഭ്യമാക്കിയത്, എന്നാൽ ഇതേ വർഷം മറ്റു ബാങ്കുകളിൽ ഉള്ള നിക്ഷേപങ്ങളിൽ നിന്നും 7% പലിശ ലഭിച്ചിട്ടുണ്ട്. പലിശ ഇനത്തിൽ കുറവ് വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3.ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . പലിശ ഇനത്തിൽ നഷ്ടം വരുന്നത് തടയേണ്ടതും പലിശ ഈടാക്കിയതിലെ കുറവ് പരിഹരിക്കേണ്ടതുമാണ്.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീതു നമ്പർ തീയതി |
|---|---|---|---|---|
| 2019-20 | 1-10-2 Seriel No. 3 Of 7 Employees | 1680 | Regency Hotel Balussery | 1210104119 Dtd 03/01/2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1999-00, 30 (1), (2), | 2003-04, 3-11(10) | റോഡ് അറ്റകുറ്റപണി അധിക ചെലവ് | തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ |

| | | | |
|---|---|---|---|
| 30(5) | | | നിന്നും ഈടാക്കാൻ ശുപാർശ. തടസ്സം തുടരുന്നു (LFAC Report 2011-14 ഖ.91) |
| 1999-00, 33 | 2003-04, 11.13.5.7 | മൈത്രി ഭവന പദ്ധതി-പുരോഗതി റിപ്പോർട്ട് ലഭിച്ചില്ല. | ഹൗസിംഗ് ബോർഡിന്റെ റിപ്പോർട്ട് നൽകാൻ ചുമതലപ്പെടുത്തി. തടസ്സം തുടരുന്നു (LFAC Report 2019-21 ഖ.53) |
| 2000-01 | 2003-04, 11.14 | എടക്കടി ശുദ്ധജല വിതരണ പദ്ധതി അപാകതകൾ. | ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കണം. തടസ്സം തുടരുന്നു (LFAC Report 2019-21 ഖ.53) |
| 2001-02 | 2003-04, 11.14 | ചെമ്പോളിത്താഴം ശുദ്ധജല വിതരണ പദ്ധതി അപാകതകൾ. | ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കണം. തടസ്സം തുടരുന്നു (LFAC Report 2019-21 ഖ.53) |
| 2002-03, 2-2 | 2006-07, 3.79.4.5 | കാഷ് ബുക്ക് എഴുതുന്നതിലെ അപാകതകൾ | തടസ്സം തുടരുന്നു |
| 2002-03, 3-4 (1,4,5) | 2006-07, 3.79.17.8 | എസ്.ജി.എസ്.വൈ പദ്ധതികൾ പൂർത്തിയാക്കാത്തത്. | (LFAC Report 2021-23 (12) ഖ.35, 36) 3-4 ൽ ക്രമ നം. 2,3 എന്നിവ സംബന്ധിച്ച പരാമർശം ഒഴിവാക്കാൻ ശുപാർശ. 3-4 ൽ ക്രമ നം. 1,4,5 തടസ്സം തുടരുന്നു |
| 2014-15, 2-2 | 2016-17, അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 86430733 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84208489 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 19200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3034898 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 19200 | ശ്രീമതി. ലിജിന. എം അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 19200 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 694338 | ശ്രീ. ഗിരീഷ്, സെക്രട്ടറി |
| 1-17 | 877616 | ശ്രീ. ഗിരീഷ്, സെക്രട്ടറി |
| 1-18 | 184932 | ശ്രീ. ഗിരീഷ്, സെക്രട്ടറി |
| 1-19 | 1000000 | ശ്രീമതി. ലിജിന. എം അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-20 | 278012 | ശ്രീമതി. ലിജിന. എം അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 3034898/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഗിരീഷ്, സെക്രട്ടറി | സെക്രട്ടറി ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് | മേലേടത്ത് വീട്, കിനാലൂർ പി.ഒ. കോഴിക്കോട് |
| ശ്രീമതി. ലിജിന എം അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് | അനിയംതരി വീട്, മൂലാട് പി.ഒ, നടുവണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവ ശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/പി.10/ 1390/2019(1)തീയതി 05.08.2019 | 1 | 41 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/പി.10/ 1390/2019(2)തീ. 05.08.2019 | 2 | 30,33 |
| 2000-01 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി/പി.10/ 1390/2019(4)തീ.05.08.2019 | 4 | 5,9,10,11 |
| 2001-02 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി/പി.10/ 1390/2019(6)തീയതി 05.08.2019 | 1 | 4 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി.10/ 1390/2019(7)തീ. 05.08.2019 | 2 | 2-2, 3-4 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി.1/ 1390/2019(8)തീ. 05.08.2019 | 1 | 3-3 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി/പി.1/ 1390/2019(9)തീ. 05.08.2019 | 3 | 3-6, 3-7, 4-2 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി.1/ 1390/2019(10)തീ.05.08.2019. | 4 | 3-3, 3-6, 3-12, 3-13 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി.10/ 1635/2017തീയതി 03.11.2017 | 12 | 2-3,2-5, 2-13, 2-14, 2-15, 3-1, 3-2,3-15(1), (4), (8), 3-17,3-18,3-19,3-20, 3-21 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/പി.10/ 1023/2019തീയതി 09.07.2019 | 14 | 3-5, 3-6, 3-7, 3-16, 3-17, 3-18,3-20,3-22,3-24, 3-26, 3-27, 3-28, 3-29 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി.10/ 823/13 തീയതി 13.08.2013 | 6 | 3-2, 3-9, 3-11, 3-12, 3-13, 4-3 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി/പി.10/ 1671/12 തീയതി 12.02.2013 | 11 | 1-2,1-3, 2-1, 2-3(1), 2-3(2), 2-4,2-5,3-5,3-6, 3-7, 3-8 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി/പി.10/ 1863/13 തീയതി 12.04.2013 | 16 | 2-5,2-6,3-1,3-2,3-4,3-6, 3-8,3-9,3-10,3-12,3-14, 3-15, 3-16, 3-17, 3-18, 4-3 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി/പി.10/ 1507/14(2) തീയതി 07.11.2014 | 16 | 1-3, 3-1, 3-2, 3-4, 3-5, 3-6, 3-8, 3-9, 3-13, 3-14, 3-15, 3-16, 3-17, 4-1, 4-2, 4-3 |
| 2012-13, 13-14 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/964/2019 തീ.09.07.2019 | 23 | 2-2,2-3,2-5,3-2,3-3, 3-4,3-5,3-6, 3-7, 3-8, 3-10, 3-13, 3-15, 3-16, 3-18, 3-19, 3-20,3-21,3-23,3-24, 3-27, 3-29, 3-30 |
| 2014-15 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/1908/16 തീ.30-06-2017 | 15 | 2-1, 2-2, 3-1, 3-2, 3-3, 3-5, 3-6,3-8,3-9,3-10, 3-11, 3-12, 3-13, 3-14, 3-15 |
| 2015-16 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/339/2018തീ. 16.02.18 | 7 | 2-1(3,4,8), 2-2, 2-3, 3-4(1), 3-6, 3-7, 3-10 |
| 2016-17 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/300/2019 തീ.08.05.2019 | 11 | 2-1(1മുതൽ 9 വരെ), 2-3, 2-5, 2-6, 2-10, 3-4(2), 3-9, 3-10, 3-12(1), (2), 3-13) |
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി. പി.10/270/2019തീ.07.05.2019 | 20 | 1-10(4)(5),1-11, 1-12, 2-1, 2-2, 2-3(1), 2-5(2), (5), |

| | | | |
|---|---|---|---|
| | | | 2-6,<br>3-1, 3-2(2),(3), 3-3, 3-7,<br>3-8(2), 3-9, 3-11, 3-12,<br>3-13, 3-14, 3-15, 3-16 |
| 2018-19 | നം.കെ.എസ്.എ.കെ.കെ.ഡി.<br>പി.4/106/2020 തീ.01.06.2020 | 12 | 1-10, 1-12(1,2,3,4,5),<br>1-13(1), 1-13(2), 1-13(3),<br>1-13(4), 1-14(2), 1-14(3),<br>1-14(5), 1-14(6), 1-14(12),<br>1-14(13) |
| 2019-20 | നം.കെ.എസ്.എ.കെ.കെ.ഡി.<br>പി.4/11/2022 തീ.15.09.2022 | 49 | 1-1-1, 1-1-2, 1-2-1, 1-4-1,<br>1-5, 1-10-1, 1-10 (2), 1-11<br>(1), 1-11 (3), 1-12, 1-13,<br>1-14 (എ), 1-15 (എ), 1-17,<br>1-17, 1-17,<br>1-17,1-17,1-17,1-17,1-17,1-17,<br>വരെയും 2-1,3-1,3-2, 4-1<br>മുതൽ 4-11 വരെയും |
| 2020-21 | നം.കെ.എസ്.എ.കെ.കെ.ഡി.<br>പി.4/1277/2021 തീ.12.10.2021 | 45 | 1-1 മുതൽ 1-30 വരെയും<br>2-1, 2-2, 3-1,3-2, 4-1<br>മുതൽ 4-11 വരെയും |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്